# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2849** **06.11.2019-ലെ മറുപടി**

## പൊൻമള - ഒതുക്കങ്ങൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | പൊൻമള - ഒതുക്കങ്ങൽ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) | NABARD RIDF XVIII- ൽ ഉൾപ്പെട്ട പൊൻമള – ഒതുക്കങ്ങൽ കുടിവെള്ള പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 2019 ഡിസംബറിനുള്ളിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ബി) | ഈ പദ്ധതിയിലെ നിലവിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം എത്ര; പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; | ബി) | നിലവിൽ ഈ പദ്ധതിയിൽ കണക്ഷനുകൾ ഒന്നും ഇല്ല. ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏകദേശം 6000 കണക്ഷനുകൾ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ? | സി) | കിഫ്ബി 2017-18 ഉൾപ്പെടുത്തിയ ഇരുമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതിക്കും വളാഞ്ചരി മുനിസിപ്പാലിറ്റിയിലേക്കുള്ള കുടിവെള്ള പദ്ധതിക്കും 75 കോടി രൂപയുടെ തത്ത്വത്തിൽ അംഗീകാരവും കിഫ്ബിയിൽ നിന്നും 72.17 കോടി രൂപയുടെ ധനസഹായത്തിന് അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി മൂന്ന് പാക്കേജുകൾ ആയിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ് ഒന്നിൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങളായ 26 എം.എൽ.ഡി. ജലശുദ്ധീകരണശാല, സമ്പ്, നിലവിലെ വെൽ കം പമ്പ് ഹൗസിന്റെ പുനരുദ്ധാരണം, gantry girder, ഉപരിതല ജലസംഭരണി, റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, സബ്സ്റ്റേഷൻ, ജലശുദ്ധീകരണ ശാലയിലേക്കുള്ള റോഡ് പണി എന്നിവ ടെണ്ടർ ചെയ്തിട്ടുണ്ട്. പാക്കേജ് രണ്ടിൽ ഇരുമ്പിളിയം, വാളഞ്ചേരി പഞ്ചായത്തിലെ നിലവിലുള്ള വിതരണ ശൃംഖലയുടെ വിപുലീകരണവും എടയൂർ പഞ്ചായത്തിലെ വിതരണശൃംഖലയ്ക്കും പാക്കേജ് മൂന്നിൽ ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സിനും സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ